(ബി) ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിനായി ഈ തുക എങ്ങനെ സമാഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ;

(സി) ഇതിനായി ഉപാധികളോടെയുള്ള കേന്ദ്രവായ്പ ലഭ്യമാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ശമ്പളവും പെൻഷനും പരിഷ്ക്കരിക്കുമ്പോൾ ആകെ 1965 കോടി രൂപയുടെ വാർഷിക അധിക ബാദ്ധ്യത പ്രതീക്ഷിക്കുന്നതായി 9-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ കണക്കാക്കിയിട്ടുണ്ട്. (ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് ചാപ്റ്റർ നമ്പർ 17.29 അനുബന്ധം A).*

(ബി) 2011-12-ലെ വാർഷിക പദ്ധതിയുടെ സ്കീം ഓഫ് ഫൈനാൻസിംഗ് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ഒമ്പതാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ചെലവ്കൂടി കണക്കിലെടുത്തുകൊണ്ടാണ് 2011-12-ലേക്കുള്ള സ്കീം ഓഫ് ഫൈനാൻസിംഗ് തയ്യാറാക്കിയത്. എന്നിരുന്നാലും ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന അധിക ബാദ്ധ്യതകൂടി കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിലവിലുള്ള മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.5 ശതമാനത്തിൽനിന്നും 0.5 ശതമാനം വർദ്ധനവുവരുത്തി 4 ശതമാനമായി ഉയർത്തി നൽകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഉപാധികളോടെയുള്ള കേന്ദ്ര വായ്പ ലഭ്യമാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല.

പറമ്പിക്കുളം-ആളിയാർ കരാർ

8 (*7) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. ബി. ഡി. ദേവസ്സി :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ ഏതെങ്കിലും വിഷയത്തിൽ ധാരണയുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിലവിലുള്ള കരാർപ്രകാരം ഷോളയാറിൽനിന്നും കേരളത്തിന് അർഹതപ്പെട്ട ജലം ഇപ്പോൾ ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം ചർച്ചയിൽ ഉന്നയിച്ചിട്ടുണ്ടോ ;

(സി) ആനമലയാറിൽനിന്നും തമിഴ്നാടിന് ജലംനൽകുന്നത് സംബന്ധിച്ച് കേരളം തയ്യാറാക്കിയ റിപ്പോർട്ടിലെ വ്യവസ്ഥകൾ വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തമിഴ്നാടിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള കരാർ ലംഘനങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) അടുത്ത ചർച്ചക്കുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുതുക്കുവാൻ വ്യവസ്ഥയില്ല. കരാർ പുനരവലോകനം ചെയ്യുന്നതിനായി ഏറ്റവുമൊടുവിൽ 21-1-2011-ൽ തിരുവനന്തപുരത്തുവച്ചുനടന്ന കേരള തമിഴ്നാട് ചീഫ് സെക്രട്ടറിതല ചർച്ചയിൽ ഇരു വിഭാഗങ്ങൾക്കും താൽപ്പര്യമുള്ള ഏഴ് പ്രധാനപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ച നടക്കുകയുണ്ടായി, ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കരാർപ്രകാരം കേരള ഷോളയാറിലേക്ക് ലഭിക്കേണ്ട 12.3 tmcft ജലം ഇപ്പോൾ ലഭിച്ചുവരുന്നു. കൂടാതെ ഫെബ്രുവരി 1-നും സെപ്റ്റംബർ 1-നും കരാർപ്രകാരം ഫുൾ റിസർവോയർ ലെവൽ (എഫ്.ആർ.എൽ.) 2009 മുതൽ തുടർച്ചയായി നാലുതവണ നിലനിറുത്തി. കൂടാതെ ഷോളയാർ സബ് ബേസിനിലെ അധിക ജലലഭ്യതയിൽനിന്നുള്ള വിഹിതം കേരളം പുനരവലോകന ചർച്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പറമ്പിക്കുളം ആളിയാർ കരാർപ്രകാരം ആനമലയാറിൽനിന്നും 2.50 tmcft ജലം ഇടമലയാർ പദ്ധതി പൂർത്തിയായതിനുശേഷം തമിഴ്നാടിന് കൊടുക്കാൻ വ്യവസ്ഥയുണ്ട്. അതനുസരിച്ച് KSEB നിർമ്മിക്കുവാൻ ഉദ്ദേശിച്ചുള്ള 100MW ശേഷിയുള്ള ആനമല-മണലി പദ്ധതിയുടെ ഭാഗമായി 2.50 tmcft വെള്ളം തമിഴ്നാട്ടിലെ നീരാർ റിസർവോയറിലേക്ക് തിരിച്ചുവിടുന്നതിനുള്ള സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആനമലയാറിൽ ഒരു ഡാം നിർമ്മിച്ച് ഉദ്ദേശം 4.8 കി.മീ. നീളമുള്ള തുരങ്കത്തിലൂടെ വെള്ളം നീരാറിലേക്ക് എത്തിക്കുന്നതിനാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്. ബാക്കിയുള്ള ജലം മണലിയിൽകൊണ്ടുവന്ന് 100MW ശേഷിയുള്ള ഒരു വൈദ്യുതിനിലയം നിർമ്മിക്കുവാനാണ് KSEB ഉദ്ദേശിക്കുന്നത്.

(ഡി) തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾ പുനരവലോകനം സംബന്ധിച്ച മിക്കവാറും ചർച്ചകളിൽ ഉന്നയിച്ചിട്ടുണ്ട്. ഒടുവിലായി 30-5-2008-ന് തിരുവനന്തപുരത്തുവച്ച്നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിലും കേരളം ശക്തമായി ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നുംതന്നെ കരാർ ലംഘനങ്ങൾ അല്ലെന്നതാണ് തമിഴ്നാടിന്റെ നിലപാട്. പുനരവലോകന ചർച്ചകളിൽ കരാർ ലംഘനങ്ങൾക്കെതിരായ കൂടുതൽ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്.

(ഇ) 21-1-2011-ൽ നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ അടുത്തതായി ഒരു മന്ത്രിതല ചർച്ച നടത്തുന്നതാണ് അഭികാമ്യമെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ചർച്ചയുടെ തീയതി തീരുമാനിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly